national book festival 2018

കേരള സാഹിത്യ അക്കാദമി
തൃശൂർ
07.02.2018

പത്രക്കുറിപ്പ്

# സാമൂഹികഘടന രോഗങ്ങളുണ്ടാക്കുന്നു : ഡോ.ബി.ഇക്ബാൽ

തൃശൂർ : നാം ജീവിക്കുന്ന സാമൂഹിക-സാമ്പത്തികഘടനയാണ് രോഗങ്ങളുണ്ടാക്കുന്നതെന്നും അതിൽ ഗുണപരമായ മാറ്റം വരുമ്പോൾ, ആരോഗ്യകരമായ ജീവിതാവസ്ഥ ഉണ്ടാകുമെന്നും ഡോ.ബി.ഇക്ബാൽ പറഞ്ഞു. കേരളീയജീവിതത്തിൽ കൂടുതൽ മെച്ചപ്പെട്ട ആരോഗ്യാവസ്ഥ കൈവരിക്കാൻ കഴിഞ്ഞത് സാമൂഹിക-സാമ്പത്തികമാറ്റം വന്നതുകൊണ്ടാണ്. വിദ്യാഭ്യാസം, പ്രത്യേകിച്ച്, സ്ത്രീവിദ്യാഭ്യാസം, ഭക്ഷണം തുടങ്ങി നിരവധി ഘടകങ്ങൾ ഇതിന്റെ അനുബന്ധമായി കാണേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവവേദിയിൽ നടന്ന 'ആരോഗ്യസംസ്കാരവും എഴുത്തും' എന്ന സെമിനാർ ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രായമേറിയവർക്ക് ഉറ്റവരുടെ അടുത്തുകിടന്ന് മരിക്കുവാനുള്ള സൗകര്യമാണ് നാമൊരുക്കേണ്ടത്. എല്ലാവരിൽനിന്നുമകന്ന് ഐസിയുവിന്റെ ഭീതിജനകമായ അന്തരീക്ഷം അന്ത്യയാത്രക്കൊരുക്കുന്നത് ഭൂഷണമല്ല. ഡോക്ടർ-രോഗീബന്ധം ഏറ്റവും പരിപാവനമാവണം. ഔഷധക്കമ്പനികളും ഉപകരണനിർമാതാക്കളും ഡോക്ടർമാരുടെ അവിശുദ്ധബന്ധങ്ങളും ചേർന്ന് വികലമായ അവസ്ഥയാണ് ആരോഗ്യമേഖലയിൽ സൃഷ്ടിച്ചിട്ടുള്ളത്. അങ്ങനെ ആരോഗ്യസേവനമെന്നത് ആരോഗ്യവ്യവസായമായി മാറിയത് പൊതുജനാരോഗ്യത്തെ വളരെ പ്രതികൂലമായി ബാധിച്ചു. മുതലാളിത്തവ്യവസ്ഥ ചികിത്സയെ അധികാരപ്രയോഗമാക്കി മാറ്റിയെന്ന് ഡോ.ഇക്ബാൽ പറഞ്ഞു.

മാനവികബോധം നൽകുന്ന നിരവധി സർഗാത്മകരചനകളുണ്ട്. ഡോക്ടർമാർ ഇത് വായിക്കുന്നത് ധാർമികബോധം വളരുവാനും രോഗിയോടുള്ള സമീപനം കൂടുതൽ ആരോഗ്യകരമാകുവാനും സഹായിക്കും. തന്റെ ഗുരുനാഥനായിരുന്ന ഡോ.കെ.എൻ.പൈ ഒടുവിൽ രണ്ട് നിർദേശങ്ങളാണ് തനിക്ക് നൽകിയത്. രോഗിയുടെ ശരീരത്തിലൊന്ന് തൊടണം, രോഗിയുടെ പേര് പറഞ്ഞ് വിളിക്കണം. ഇതായിരുന്നു നിർദേശം - ഡോക്ടർ പറഞ്ഞു.

എല്ലാ വൈദ്യശാസ്ത്രമേഖലകളും സൗഹാർദ്ദപരമായ സമീപനത്തോടെ ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും രോഗശമനത്തിന് സാധ്യമാവുന്ന ഏത് ചികിത്സയേയും അംഗീകരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് അധ്യക്ഷപ്രസംഗത്തിൽ സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് ഡോ.ഖദീജാ മുംതാസ് പറഞ്ഞു. അശോകൻ ചരുവിൽ, കില ഡയറക്റ്റർ ഡോ.ജോയ് ഇളമൺ, ഡോ.കെ.മുരളീധരൻ, കാവുമ്പായി ബാലകൃഷ്ണൻ, ബേബി മൂക്കൻ എന്നിവരും സംസാരിച്ചു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി